കമ്യൂണിസ്റ്റ് പാർട്ടിയുടെ യുവനേതാവും കണ്ണൂരിൽനിന്നുള്ള ലോകസഭാംഗവുമായ എ.പി. അബ്ദുല്ലക്കുട്ടി എം.പി ചോദിക്കുന്നു

അൻവർ പാലേരി
ഫോട്ടോ ബിജു കുറ്റ്യാടി

കണ്ണൂരിലെ ഇടതുപക്ഷ രാഷ്ട്രീയത്തിൽ ചോരത്തിളപ്പുള്ളൊരു പാർലമെൻറ് പ്രതിനിധിയുണ്ട് – ആ ചോരത്തിളപ്പിന് ഞരമ്പുകളിൽ സമരസാക്ഷ്യങ്ങളുടെ ചൂടുപകർന്നത്, തലയിൽ ഉറുമാലുകെട്ടി നാറാത്ത് ജുമുഅത്ത് പള്ളിയിൽ അഞ്ചുനേരവും പ്രാർഥനക്കെത്തിയിരുന്ന മാപ്പിളക്കുട്ടിയുടെ ഭൂതകാല സന്ദേഹങ്ങളായിരുന്നുവെന്ന് വേണമെങ്കിൽ പറയാം. പള്ളി അവുള്ളയെന്ന് നാട്ടുകാർ അപരനാമം കുറിച്ച അറുവൻപള്ളി പുതിയപുരക്കൽ അബ്ദുല്ലക്കുട്ടി മദ്രസയിൽ പോയത് ദീൻ പഠിക്കാനായിരുന്നു. മൊല്ലാക്കയുടെ നാവിൻതുമ്പിൽനിന്ന് ഖുർആൻ വചനങ്ങൾ കേട്ടുപഠിക്കുന്നതിനിടെ വൃദ്ധകാമനയുടെ ദൗർബല്യങ്ങൾ ശരീരത്തിൽ ഇഴഞ്ഞുനടന്നത് അവനെ അസ്വസ്ഥനാക്കി. ഓത്തുപള്ളിയിലെ ഓർക്കാൻ സുഖമില്ലാത്ത അനുഭവങ്ങൾ അവനെ കൊണ്ടുചെന്നെത്തിച്ചത് നാസ്തികതയുടെ എങ്ങുമെത്താത്ത തുറസ്സിലേക്കാണ്.

കണ്ണൂർ ജില്ലയിലെ യാഥാസ്ഥിതിക മുസ്‌ലിം കുടുംബത്തിൽ ജനിച്ച അബ്ദുല്ലക്കുട്ടി പിൽക്കാലത്ത് യുക്തിവാദി സംഘത്തിൻെറ ശക്തനായ പ്രചാരകനായതിനുപിന്നിൽ വേറെയും ഒട്ടേറെ കാരണങ്ങളുണ്ടാവാം. വിശ്വാസത്തിൻെറ പരിണാമദശയിൽ സംഭവിച്ച അസംബന്ധമായ ചില വിവരക്കേടുകളായിരുന്നു അന്നത്തെ മതനിരാസമെന്ന് അദ്ദേഹമിപ്പോൾ തിരിച്ചറിയുന്നുണ്ട്. നാസ്തികതയുടെ ഭൂതകാല മരവിപ്പിലേക്ക് പുറംതിരിഞ്ഞുനിൽക്കുമ്പോഴും താനിന്നും അടിയുറച്ചുവിശ്വസിക്കുന്ന ഇടതുപക്ഷ പ്രസ്ഥാനത്തെയോ അതിൻെറ നേതൃത്വത്തെയോ അദ്ദേഹം തള്ളിപ്പറയുന്നില്ല. യുക്തിവാദികളും കമ്യൂണിസ്റ്റുകാരും തീറാധാരമില്ലാത്ത പുറമ്പോക്കിൽ ഒരേ പന്തിയിൽ കൂട്ടംചേർന്നുമേയുന്ന കാലമായിരുന്നല്ലോ അത്.

കേരളത്തിലെ യുക്തിവാദി പ്രസ്ഥാനത്തെ തകർത്തത് ഇ.എം.എസ് ആണ്. കേരള മാതൃകയിലുള്ള യുക്തിവാദം ശരിയല്ലെന്നും മതമൊരു കാലഘട്ടത്തിൻെറ വിമോചന പ്രസ്ഥാനമാണെന്നും മതവിശ്വാസികൾക്കും അല്ലാത്തവർക്കും മതനിരപേക്ഷ സമൂഹത്തിൽ ഒന്നിച്ചു പ്രവർത്തിക്കാൻ പറ്റുമെന്നും പഠിപ്പിച്ചത് ഇ.എം.എസ് ആണ്. മതങ്ങളെക്കുറിച്ച് പഠിക്കാൻ തന്നെ പ്രേരിപ്പിച്ചത് ഇ.എം.എസിൻെറ ഈ പ്രസ്താവനയാണെന്ന് അദ്ദേഹം സമ്മതിക്കുന്നു.

'Best relegion, worst followers' –എന്ന് ഇസ്‌ലാമിനെക്കുറിച്ച് ബർണാഡ്ഷാ നടത്തിയ നിരീക്ഷണം ഇന്ന് എല്ലാ മതങ്ങൾക്കും ഒരുപോലെ ബാധകമാണ്. മതത്തിൻെറ വക്താക്കളായി ഞാൻ കണ്ടിരുന്ന പലരും മതത്തിൻെറ യഥാർഥ സത്ത ഉൾക്കൊള്ളാത്തവരായിരുന്നുവെന്ന് മനസ്സിലാക്കാനുള്ള ബുദ്ധിപരമായ പക്വത അന്നെനിക്കുണ്ടായിരുന്നില്ല. കുഴപ്പം മതത്തിൻെറതല്ല, അനുയായികളുടേതാണ്. ഞാനിപ്പോൾ എൻെറ മതത്തിൽ വിശ്വസിക്കുന്ന ഒരു ശരാശരി മുസ്‌ലിം ആണ്. അതുകൊണ്ട് മറ്റ് മതങ്ങളോടും വിശ്വാസസംഹിതകളോടും എനിക്കുള്ള ആദരവ് കൂടിയിട്ടേ ഉള്ളൂ. ഒരു യഥാർഥ കമ്യൂണിസ്റ്റുകാരൻ വിശ്വാസിയാവാൻ പാടില്ലെന്ന് എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ? പാർട്ടി നയരേഖകളിലോ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് ആശയങ്ങളിലോ ഒരിടത്തും നിങ്ങൾ ഒരു മതത്തിലും വിശ്വസിക്കരുതെന്ന് പറയുന്നില്ല. ഒരാളുടെ സാമൂഹികമായ അസ്തിത്വമാണ് സാമൂഹിക ബോധത്തെ നിർണയിക്കുന്ന പ്രധാന ഘടകമെന്നിരിക്കെ, മതപരമായ ഘടകത്തെ തള്ളിപ്പറഞ്ഞുകൊണ്ടുള്ള പ്രവർത്തനരീതി ഒരിക്കലും ഫലപ്രദമാവില്ലെന്നാണ് എൻെറ വിശ്വാസം. സാമൂഹിക അസ്തിത്വത്തിൻെറ വൈവിധ്യങ്ങളെ സംബോധന ചെയ്തുകൊണ്ടുള്ള പ്രവർത്തനരീതിയിലൂടെ മാത്രമേ യഥാർഥ വിമോചനം സാധ്യമാവൂ. മതം ഇതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ട്. മതങ്ങൾക്ക് ആഴത്തിൽ വേരോട്ടമുള്ള ഇന്ത്യൻ സാഹചര്യത്തിൽ വംശീയ മർദനം, വർഗചൂഷണം എന്നിവയിൽനിന്ന് മോചനം ലഭിക്കണമെങ്കിൽ മതവിശ്വാസത്തെ സംബന്ധിച്ച കാര്യങ്ങളിൽ പാർട്ടി കുറെക്കൂടി വ്യക്തത കൈവരിക്കേണ്ടതുണ്ട്. മതത്തിലെ ചൂഷണമുക്തമായ നവോത്ഥാന കാഴ്ചപ്പാടുകളെ ഉൾക്കൊള്ളാനും പിന്തുണക്കാനുമുള്ള സൗമനസ്യം പാർട്ടി പരസ്യമായി പ്രഖ്യാപിക്കണമെന്നാണ് എൻെറ അഭിപ്രായം. ഇത് എൻെറ മാത്രം അഭിപ്രായമാണെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ, ഇക്കാര്യം തുറന്നുപറയാൻ പലരും തയാറാവുന്നില്ല. ഇക്കാര്യത്തിൽ പാർട്ടിക്കകത്തും പുറത്തും ക്രിയാത്മകമായ സംവാദങ്ങൾക്ക് വഴി തുറക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.''

### മത്തായിചാക്കോയും ടി.കെ. ഹംസയും

അബ്ദുല്ലക്കുട്ടി എം.പി ഈയിടെ മക്കയിൽ പോയി ഉംറ നിർവഹിച്ചത് പത്രങ്ങൾക്ക് വലിയ വാർത്തയായി. സഖാവ് അബ്ദുല്ലക്കുട്ടി ആത്മീയതയിലേക്ക് കൂടുമാറുന്നു എന്ന മട്ടിലുള്ള പ്രചാരണങ്ങൾപോലും ചില ഭാഗങ്ങളിൽനിന്നുണ്ടായി. ടി.കെ. ഹംസ ഹജ്ജിനുപോയപ്പോൾ ലഭിക്കാതിരുന്ന മാധ്യമശ്രദ്ധയും മുറുമുറുപ്പുകളുമാണ് അബ്ദുല്ലക്കുട്ടിയുടെ ഉംറക്ക് ലഭിച്ചത്. മലപ്പുറത്തുനിന്നും കണ്ണൂരിലെത്തുമ്പോഴേക്കും പാർട്ടിയുടെ അടവുനയങ്ങളിൽ സംഭവിക്കുന്ന രാസപരിണാമങ്ങളെക്കുറിച്ച് മാധ്യമങ്ങൾ പുലർത്തുന്ന അതിവൈകാരികത നിറഞ്ഞ സമീപനമായി ഇതിനെ വിശേഷിപ്പിക്കാം. കമ്യൂണിസത്തെ നൂറുമാർക്കിൽ കുറയാതെ സ്വപ്നം കാണുന്ന കാൽപനിക വിമർശകരും ഇത്തരം വിമർശനങ്ങളിൽ പങ്കുചേരാറുണ്ട്. ഒരു പ്രമുഖ പത്രത്തിൻെറ വിനോദസഞ്ചാരത്തെക്കുറിച്ചുള്ള യാത്രാക്കുറിപ്പും ചില പത്രങ്ങൾ വിവാദമാക്കുകയുണ്ടായി. വൈത്തീശ്വരനിൽ നാഡീജ്യോതിഷത്തിൽ പ്രസിദ്ധി നേടിയ സന്യാസിയെ സന്ദർശിച്ചതിൻെറ അനുഭവങ്ങളാണ് അബ്ദുല്ലക്കുട്ടി ആ യാത്രക്കുറിപ്പിൽ പങ്കുവെച്ചത്. വൈത്തീശ്വരനിൽ പോയത് ഭക്തികൊണ്ടല്ലെന്നും വിനോദസഞ്ചാരിയെന്ന നിലയിൽ അവിടത്തെ അനുഭവങ്ങൾ നേരിട്ടറിയാനാണെന്നും അദ്ദേഹം വിശദീകരണം നൽകി. മാതാ അമൃതാനന്ദമയിയെയും സായിബാബയെയും സന്ദർശിച്ചതിൻെറ അനുഭവങ്ങൾ പി. ഗോവിന്ദപ്പിള്ള ഈയിടെ ഒരു വാർഷികപ്പതിപ്പിൽ പങ്കുവെച്ചതിന് സമാനമായിരുന്നു ഈ യാത്രക്കുറിപ്പും. മതവിശ്വാസത്തെയും ആത്മീയതയെയും കുറിച്ച് പാർട്ടി നയങ്ങൾ വേണ്ടത്ര സുതാര്യമാക്കാത്തതുകൊണ്ടാണ് ഇത്തരം ആശയക്കുഴപ്പങ്ങളുണ്ടാവുന്നതെന്നാണ് അബ്ദുല്ലക്കുട്ടി ഇതിനെക്കുറിച്ച് വിശദീകരിച്ചത്.

'മത്തായിചാക്കോയുടെ മരണവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഈയിടെയുണ്ടായ വിവാദങ്ങളാണ് എനിക്കിപ്പോൾ ഓർമവരുന്നത്. മത്തായി ചാക്കോയുടെ കമ്യൂണിസ്റ്റ് വ്യക്തിത്വത്തിൽ അഭിമാനിക്കുന്ന ഒരാൾക്കും ഇക്കാര്യത്തിൽ സഖാവ് പിണറായി വിജയനും പാർട്ടിയും സ്വീകരിച്ച നിലപാടുകളെ കുറ്റപ്പെടുത്താനാവില്ല. അതേസമയം, മത്തായി ചാക്കോ അന്ത്യ കൂദാശ സ്വീകരിച്ചിരുന്നുവെന്ന വാദം സത്യമായിരുന്നെങ്കിൽ അതൊരു ഗുരുതരമായ വീഴ്ചയായി കാണുകയും അദ്ദേഹത്തിൻെറ കമ്യൂണിസ്റ്റ് പ്രഭാവത്തിനുമേൽ അത് കളങ്കമാവുകയും ചെയ്യുമെന്ന് വാദിക്കുമ്പോഴാണ് എന്നെപ്പോലുള്ള വിശ്വാസികൾ കുഴപ്പത്തിലാവുന്നത്. മതവിശ്വാസത്തിൻെറ കാര്യത്തിൽ പാർട്ടി നിലപാടുകൾ വ്യക്തമാക്കുന്ന തരത്തിലുള്ള സംവാദങ്ങൾക്കു പകരം മാധ്യമങ്ങൾക്കുമാത്രം ഗുണകരമാവുന്ന വാക്തർക്കങ്ങളായി ആ വിവാദം ഒടുങ്ങിപ്പോവുകയാണുണ്ടായത്. മത്തായിചാക്കോ വിവാദത്തിൻെറ പശ്ചാത്തലത്തിൽ കോഴിക്കോട്ടെ ഇരിങ്ങണ്ണൂരിൽ ചേർന്ന പൊതുയോഗത്തിൻെറ അനുഭവമാണ് എനിക്കിപ്പോൾ ഓർമവരുന്നത്. അന്ത്യകൂദാശ സ്വീകരിക്കുകയോ ജീവിതത്തിലൊരിക്കലും മതാചാരങ്ങൾ പിന്തുടരുകയോ ചെയ്യാതിരുന്ന യഥാർഥ കമ്യൂണിസ്റ്റായിരുന്നു സഖാവ് മത്തായി ചാക്കോയെന്ന് യോഗത്തിൽ പങ്കെടുത്ത നേതാക്കളെല്ലാം ആവർത്തിച്ചു പ്രഖ്യാപിക്കുകയുണ്ടായി. മത്തായിചാക്കോ വിവാഹത്തിനും മരണത്തിനും പള്ളിയിൽ പോയിട്ടില്ല, കുട്ടികളെ മാമോദീസ മുക്കിയിട്ടില്ല, അന്ത്യകൂദാശ സ്വീകരിച്ചിട്ടില്ല. ഒരു മാതൃകാ കമ്യൂണിസ്റ്റ് എന്ന നിലയിൽ അദ്ദേഹത്തിൻെറ ജീവിതം ധന്യമായിരുന്നുവെന്ന് സമർഥിക്കാൻ ഈ കാര്യങ്ങളൊക്കെയാണ് അന്നവിടെ പ്രസംഗിച്ചവർ എടുത്തുപറഞ്ഞത്. കുറ്റബോധവും കടുത്ത ആത്മസംഘർഷവും കാരണം ഞാനപ്പോൾ വേദിയിൽ മുഖം താഴ്ത്തി ഇരിക്കുകയായിരുന്നു. മതത്തിൽ വിശ്വസിക്കുകയോ മതാചാരങ്ങൾ പിന്തുടരുകയോ ചെയ്യാത്തത് ഒരു യഥാർഥ കമ്യൂണിസ്റ്റിൻെറ ലക്ഷണമാണെങ്കിൽ വ്യക്തിജീവിതത്തിൻെറ നിർണായക ഘട്ടങ്ങളിലെല്ലാം മതാചാരങ്ങൾ പിന്തുടരുന്ന എനിക്കെങ്ങനെ ഞാനൊരു നല്ല കമ്യൂണിസ്റ്റുകാരനാണെന്ന് നെഞ്ചത്ത് കൈവെച്ച് പറയാൻ കഴിയും ? മത്തായി ചാക്കോയുടെ വിവാഹം പള്ളിയിൽ രേഖപ്പെടുത്തിയിരുന്നോ എന്നതുസംബന്ധിച്ചും തർക്കമുണ്ടായിരുന്നല്ലോ. മതാചാരപ്രകാരം നിക്കാഹ് ചെയ്താണ് ഞാൻ വിവാഹം കഴിച്ചത്. വളപട്ടണത്തെ കക്കുളങ്ങര ജുമാമസ്ജിദിൽ വളപട്ടണം ഖാദിയായിരുന്ന കെ.സി.എസ്. കോയമ്മതങ്ങളാണ് എൻെറ നിക്കാഹിന് കാർമികത്വം വഹിച്ചത്. പാർട്ടിയെ ബോധ്യപ്പെടുത്താൻ മാത്രം പിന്നീട് ഞങ്ങൾ ചുവന്ന ഹാരങ്ങൾ പരസ്പരം കൈമാറുകയായിരുന്നു. എൻെറ മകന് ഞാൻ മതപരമായ വിദ്യാഭ്യാസം നൽകുന്നുണ്ട്. എൻെറ അമ്മാവനായ മൂസാൻ മുസ്‌ലിയാർ വീട്ടിൽ വന്നാണ് അവനെ ഖുർആനും മറ്റു വിഷയങ്ങളും പഠിപ്പിക്കുന്നത്. ഇസ്‌ലാമിക വിധിപ്രകാരം മകൻെറ സുന്നത്ത് കർമം നിർവഹിച്ചിട്ടുണ്ട്. പുതുതായി വീടുവെച്ചപ്പോഴും മതാചാരപ്രകാരം തന്നെയാണ് ഗൃഹപ്രവേശം നടത്തിയത്. വിശ്വാസപരമായ കാര്യങ്ങൾ രഹസ്യമായി ചെയ്യേണ്ടിവരുന്ന കമ്യൂണിസ്റ്റുകാരൻെറ ഗതികേട് മാറണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ് ഞാനിത് പറയുന്നത്. മതത്തോടുള്ള കമ്യൂണിസ്റ്റ് പാർട്ടിയുടെ ബന്ധം എങ്ങനെ നിർവചിക്കണമെന്നതുസംബന്ധിച്ച് പാർട്ടി നേതൃത്വം ഇപ്പോഴും ആശങ്കയിലാണെന്ന് എനിക്ക് തോന്നുന്നു. ദൈവ വിശ്വാസിയായതുകൊണ്ട് അബ്ദുല്ലക്കുട്ടിക്ക് പാർട്ടിയിൽ നേതാവാകാൻ കഴിയില്ലെന്ന് പാർട്ടിയുമായി അടുപ്പമുള്ള പലരും അടക്കം പറയുന്നത് ഇതുകൊണ്ടായിരിക്കണം.''

വ്യക്തിഗത ജീവിതത്തിൻെറ വഴിച്ചുവടുകളിൽ അബ്ദുല്ലക്കുട്ടി എം.പിയെ അടയാളപ്പെടുത്താൻ നമുക്ക് പ്രശ്നസങ്കീർണമായ ഒട്ടേറെ വഴികളിലൂടെ ഇനിയും സഞ്ചരിക്കേണ്ടിവരും. ഹൈസ്കൂൾ വിദ്യാഭ്യാസം വരെ പഠനകാര്യങ്ങളിൽ മാത്രം ശ്രദ്ധ പുലർത്തിയിരുന്ന അബ്ദുല്ലക്കുട്ടി കോളജിലെത്തുന്നതോടെയാണ് പാർട്ടിയിൽ സജീവമാകുന്നത്. ചെറുപ്പം മുതൽ ആരാധനാകാര്യങ്ങളിൽ നിഷ്കർഷ പുലർത്തിയിരുന്ന മകനെ മതപണ്ഡിതനാക്കണമെന്നായിരുന്നു ഉമ്മയുടെ ആഗ്രഹം. പിൽക്കാലത്ത് യുക്തിവാദി സംഘത്തിൽ ചേർന്ന് പ്രവർത്തിച്ചതോടെ പള്ളി അവുള്ളയെന്ന അപരനാമം നാട്ടുകാർ തിരിച്ചെടുത്തു. യുക്തിവാദിസംഘവുമായുള്ള ബന്ധമാണ് ഇടതുപക്ഷ രാഷ്ട്രീയത്തിലേക്ക് വഴിതുറന്നത്. കോളജിൽ എസ്.എഫ്.ഐയുടെ അമരക്കാരനായി മാറിയതോടെ വിജയത്തിൻെറ ഭാഗ്യമുദ്രയണിഞ്ഞ സഖാവെന്ന നിലയിൽ അബ്ദുല്ലക്കുട്ടി പാർട്ടിയിൽ അറിയപ്പെട്ടുതുടങ്ങി. കണ്ണൂർ എസ്സെൻ കോളജിൽ കെ.എസ്.യു ആധിപത്യത്തിൻെറ ഉരുക്കുകോട്ടയെ ഇളക്കി പ്രതിഷ്ഠിച്ചുകൊണ്ടായിരുന്നു തുടക്കം. മൽസരിച്ച സ്ഥാനങ്ങളിലെല്ലാം അബ്ദുല്ലക്കുട്ടിക്ക് വിജയം സുനിശ്ചിതമായിരുന്നു. കമ്യൂണിസ്റ്റ് പൈതൃകം ഏറെ അവകാശപ്പെടാനുള്ള കണ്ണൂർ ലോക്സഭാ മണ്ഡലത്തിൽ കുറേ വർഷങ്ങളായി മുല്ലപ്പള്ളി രാമചന്ദ്രൻെറ അപ്രമാദിത്തം കൊടികുത്തിവാഴുന്ന കാലമായിരുന്നു അത്. 1999ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ യുവനേതാവായ സഖാവ് അബ്ദുല്ലക്കുട്ടി മുല്ലപ്പള്ളിക്കെതിരെ മൽസരിക്കാനിറങ്ങി. പതിനായിരത്തിലേറെ വോട്ടുകൾക്ക് മുല്ലപ്പള്ളിയെ അട്ടിമറിച്ചുകൊണ്ട് 13ാം ലോക്സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമായി അബ്ദുല്ലക്കുട്ടി ദൽഹിയിലേക്ക് തീവണ്ടി കയറിയത് കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയത്തിൽതന്നെ ഏറ്റവും ഉജ്വലമായ വിപ്ലവ മുഹൂർത്തങ്ങളിലൊന്നായിരുന്നു. കരുത്തനായ മുല്ലപ്പള്ളിക്കെതിരെ മൽസരിക്കാനിറങ്ങിയ ചെറുപ്പക്കാരനെ നിസ്സാരമായി കണ്ട് പ്രസ്താവന ഇറക്കിയവരോട് അബ്ദുല്ലക്കുട്ടി പ്രതികരിച്ചത് ഇങ്ങനെ: 'ബാലറ്റുപെട്ടി പൊട്ടിച്ചാൽ അബ്ദുല്ലക്കുട്ടി അദ്ഭുതക്കുട്ടിയാവും' . അത് സത്യമായി. 2004ൽ ഇതേ വിജയം ആവർത്തിച്ചപ്പോഴേക്കും അബ്ദുല്ലക്കുട്ടിയുടെ ജനപ്രിയത കണ്ണൂരിലെ ഇടതുപക്ഷ രാഷ്ട്രീയത്തിന് അനുഗുണമായ രീതിയിലേക്ക് പരാവർത്തനം ചെയ്യപ്പെട്ടുകഴിഞ്ഞിരുന്നു. രാഷ്ട്രീയ നേട്ടങ്ങളുടെ അജയ്യതകൾ സ്വയം അടയാളപ്പെടുത്തുന്നതോടൊപ്പം തന്നെ വർഷങ്ങൾക്കുമുമ്പ് നാസ്തികത വേരുറച്ചുപോയ കമ്യൂണിസ്റ്റ് മനസ്സിൽ ദൈവവിശ്വാസത്തിൻെറ അല്ലവിശേഷണവും ഏറക്കുറെ പാരമ്യതയിലെത്തിയത് മറ്റൊരു ചരിത്രം. ദൈവ വിശ്വാസിയായ കമ്യൂണിസ്റ്റുകാരനായാണ് അബ്ദുല്ലക്കുട്ടിയുടെ തുടർന്നുള്ള ജീവിതം. അടിയുറച്ച കമ്യൂണിസ്റ്റുകാരനെന്ന നിലയിൽ ദൈവത്തിൽ തനിക്കുള്ള വിശ്വാസം തുറന്നുപറയാൻ കഴിയാതെപോയ പഴയ കാലത്തിൻെറ അടരുകളിൽനിന്നും മറവി പറ്റാത്ത വേദനയുടെ ഒരടര് അദ്ദേഹത്തെ ഇപ്പോഴും കുത്തിനോവിക്കുന്നുണ്ട്.

### സഖാവ് മൈമിക്കയും മയ്യിത്ത് നിസ്കാരവും

''രണ്ടായിരത്തിനാലിൽ ഒരു വെള്ളിയാഴ്ച പുലർച്ചെയാണ് എൻെറ ഉമ്മാമകുഞ്ഞാമിന ഉമ്മയുടെ മരണം. കണ്ണൂരിലെ മുസ്‌ലിം തറവാടുകളിൽ വളരുന്ന കുട്ടികൾക്ക് പെറ്റമ്മയെക്കാൾ ബന്ധം അവരുടെ ഉമ്മാമയുമായിട്ടായിരിക്കും. ചെറിയ പ്രായത്തിൽതന്നെ കല്യാണം കഴിയുന്നതുകൊണ്ട് 20 വയസ്സിനുമുമ്പുതന്നെ അവർ നാലും അഞ്ചും കുട്ടികളെ പ്രസവിച്ചിട്ടുണ്ടാകും. മാതൃത്വത്തിൻെറ സഹജമായ പക്വതയൊന്നും ഉമ്മമാർക്കുണ്ടാവില്ല. മക്കളെ വളർത്തുന്നതും പരിചരിക്കുന്നതുമെല്ലാം ഉമ്മാമയായിരിക്കും. ഉമ്മാമ മരിക്കുമ്പോൾ സെബാസ്റ്റ്യൻ പോളിൻെറ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുമായി ഞാൻ എറണാകുളത്താണ്. വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിനുമുമ്പ് മയ്യിത്ത് ഖബറടക്കണം. ഞാൻ സ്ഥലത്തെത്താതെ ഖബറടക്കം നടക്കില്ലെന്ന് എനിക്കുറപ്പായിരുന്നു. വൈകുന്നേരം ഞാൻ വീട്ടിലെത്തിയശേഷമാണ് മയ്യിത്ത് പള്ളിയിലേക്കെടുത്തത്. ഇതിൽ പലർക്കും നീരസം തോന്നിയിരുന്നു. മൃതദേഹത്തോടൊപ്പം പള്ളിയിലെത്തിയ ഞാൻ വല്ലാതെ അസ്വസ്ഥനായി. എനിക്ക് ഉമ്മാമയുടെ മയ്യിത്ത് നിസ്കാരത്തിൽ പങ്കെടുക്കണമെന്നുണ്ട്. പക്ഷേ, കമ്യൂണിസ്റ്റുകാരനായ

ഞാൻ പള്ളിയിൽ കയറി മയ്യിത്ത് നമസ്കരിക്കുന്നത് വലിയ ആശയക്കുഴപ്പങ്ങൾക്ക് ഇടയാക്കിയേക്കുമെന്ന് കരുതി സഖാവ് മൈമിക്കയോട് ഞാൻ അഭിപ്രായം ചോദിച്ചു. കേരളീയർക്ക് ഒരൊറ്റ സഖാവേയുള്ളൂ; അത് കൃഷ്ണപിള്ളയാണെന്ന് പറഞ്ഞതുപോലെ ഞങ്ങൾ നാറാത്തുകാർക്ക് സഖാവെന്നുപറഞ്ഞാൽ മൊയ്തീൻ എന്നു പേരുള്ള സഖാവ് മൈമിക്കയാണ്. ഒരു മൃതദേഹത്തോട് കാണിക്കാനാവുന്ന ഏറ്റവും ആദരണീയമായ അന്ത്യാഭിവാദ്യമാണ് മയ്യിത്ത് നമസ്കാരം. പള്ളിക്കുപുറത്ത് നിൽക്കുകയായിരുന്ന സഖാവ് മൈമിക്കയോട് അനുവാദം ചോദിച്ചപ്പോൾ അദ്ദേഹം ഒന്നും പറയാതെ പുറംതിരിഞ്ഞുനിൽക്കുകയാണ് ചെയ്തത്. എല്ലാവരും മയ്യിത്ത് നമസ്കരിച്ച് പുറത്തിറങ്ങിയപ്പോൾ ഞാനും മൈമിക്കയും പള്ളിയുടെ മതിലുചാരി പുറത്ത് നിൽക്കുകയാണ്. സ്വന്തം ഉമ്മാമാക്ക് മയ്യിത്ത് നമസ്കരിക്കാൻപോലും കൂട്ടാക്കാത്ത ഇവനെയാണല്ലോ മയ്യിത്തുമായി ഇത്രനേരം കാത്തിരുന്നതെന്ന ചിലരുടെ അടക്കംപറച്ചിൽ ഞാൻ കേട്ടതായി ഭാവിച്ചില്ല. ഒരുവർഷം കഴിഞ്ഞപ്പോൾ സഖാവ് മൈമിക്കയുടെ ഉമ്മ മരണപ്പെട്ടു. ഉമ്മാക്കുവേണ്ടി പള്ളിയിൽ കയറി മയ്യിത്ത് നമസ്കരിക്കുന്ന മൈമിക്കയെ കണ്ടപ്പോൾ എനിക്ക് എന്നോടുതന്നെയാണ് വെറുപ്പ് തോന്നിയത്. നമസ്കാരം കഴിഞ്ഞ് പുറത്തിറങ്ങിയ മൈമിക്കയെ ഞാനെൻെറ പ്രതിഷേധം അറിയിച്ചു. അതിന് അദ്ദേഹം മറുപടി പറഞ്ഞത്– ‘അബ്ദുല്ലക്കുട്ടീ, മരിച്ചത് എൻെറ ഉമ്മയല്ലേ, എനിക്ക് മയ്യിത്ത് നിസ്കരിക്കാതെ പറ്റില്ല’ എന്നാണ്.

അപ്പോഴാണ് എനിക്കെൻെറ തെറ്റ് മനസ്സിലായത്. മൈമിക്കയെയും എന്നെയും പോലുള്ള ഒരുപാട് ന്യൂനപക്ഷ കമ്യൂണിസ്റ്റുകൾ അനുഭവിക്കുന്ന നയം വ്യക്തമാക്കപ്പെടേണ്ട നിശ്ശബ്ദമായ വൈകാരിക മുഹൂർത്തമായാണ് ഞാനീ സംഭവത്തെ കാണുന്നത്. ഈയിടെ ഉംറ നിർവഹിക്കാൻ പോയപ്പോൾ മരിച്ചുപോയ ഉമ്മാമക്കുവേണ്ടി രണ്ടാമതൊരു ഉംറകൂടി നിർവഹിച്ചാണ് ഞാനാ പഴയ കടം വീട്ടാൻ ശ്രമിച്ചത്.’’

മതവും കമ്യൂണിസവും
ഇ.എം.എസിനുശേഷം

മതനിരപേക്ഷ ഇന്ത്യൻ സാഹചര്യത്തിൽ മതങ്ങളെ നിഷേധിച്ചുകൊണ്ട് കമ്യൂണിസ്റ്റ് ആശയങ്ങൾക്കും പ്രത്യയശാസ്ത്രത്തിനും നിലനിൽക്കാനാവില്ലെന്ന് സഖാവ് ഇ.എം.എസ് നേരത്തേതന്നെ മനസ്സിലാക്കിയിരുന്നു. ഇന്ത്യൻ ദേശീയ പ്രസ്ഥാനം സാമ്രാജ്യത്വ ശക്തികൾക്കെതിരിൽ മതങ്ങളെ ഒരുമിപ്പിച്ചു നിർത്തിയതിൻെറ നിരവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്.

കൃഷ്ണപിള്ളയും എ.കെ.ജിയും അധഃസ്ഥിതരുടെ ക്ഷേത്രപ്രവേശനത്തെപ്പോലും സമരചിഹ്നം എന്ന നിലക്കാണ് കണ്ടത്.

കെ. കേളപ്പനും സഹോദരൻ അയ്യപ്പനും ശ്രീനാരായണ ഗുരുവുമെല്ലാം നേതൃത്വം നൽകിയ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളെ കമ്യൂണിസ്റ്റുകാർ പിന്തുണച്ചത് ഇതേ ആശയം മുൻനിർത്തിതന്നെയാണല്ലോ. മുസ്ലിംകളുടെ നേതൃത്വത്തിൽ മലബാറിൽ നടന്ന സായുധ സമരങ്ങൾക്കും ഒരു പരിധിവരെ മാർക്സിയൻ കാഴ്ചപ്പാടിലുള്ള വർഗസമര സിദ്ധാന്തങ്ങളുടെ ആശയപരമായ പിന്തുണയുണ്ടായിരുന്നു. ഇതിൻെറയൊക്കെ അടിസ്ഥാനത്തിലാണ് മതനിരാസം കമ്യൂണിസ്റ്റുകാർ പ്രവർത്തനശൈലിയായി സ്വീകരിക്കേണ്ടതില്ലെന്നും മതവിശ്വാസത്തെ കമ്യൂണിസ്റ്റുകാർ ഉപേക്ഷിക്കേണ്ടതില്ലെന്നും ഇ.എം.എസ് അഭിപ്രായപ്പെട്ടത്. ലോകത്തിലെ ഏറ്റവും ആദ്യത്തെ കമ്യൂണിസ്റ്റ് യേശുക്രിസ്തുവാണെന്ന് കമ്യൂണിസ്റ്റുകാർ പറയുന്നതും ഇതേ കാരണങ്ങൾകൊണ്ടാവണം.

സ്വാതന്ത്ര്യസമര കാലത്ത് രാമരാജ്യം എന്ന പ്രയോഗം ഗാന്ധിജി ഉപയോഗിച്ചത് മതാത്മകമായ ഒരു സമൂഹത്തെ ആകർഷിക്കാനുള്ള ഒരു പ്രതീകം എന്ന നിലക്കാണ്. ഇനി ഖിലാഫത്തിൻെറ കാര്യത്തിലും ഇതേ നയം തന്നെയാണ് ഗാന്ധിജി സ്വീകരിച്ചത്.

ഇ.എം.എസിനുശേഷം കമ്യൂണിസ്റ്റ് പാർട്ടിയും ദൈവവിശ്വാസവും നേർക്കുനേരെ വരുന്ന സന്ദിഗ്ധ ഘട്ടങ്ങളിലെയും കമ്യൂണിസ്റ്റുകാരായ വിശ്വാസികൾ കടുത്ത മാനസിക സംഘർഷങ്ങളിൽ പെട്ടുപോവാറുണ്ട്. ഒന്നുകിൽ നിങ്ങൾ ദൈവവിശ്വാസത്തെ പൂർണമായും തള്ളിപ്പറഞ്ഞ് പാർട്ടിയിൽ ഉറച്ചുനിൽക്കണം. ആശയപരമായി പാർട്ടി ഇങ്ങനെയൊരു ഉറച്ച നിലപാട് പ്രഖ്യാപിക്കാത്തിടത്തോളം ഈ വാദത്തിന് പ്രസക്തിയില്ലല്ലോ. രാഷ്ട്രീയവത്കരിക്കാത്ത ദൈവവിശ്വാസത്തെ പാർട്ടി താത്ത്വികമായി എതിർക്കുന്നില്ലെങ്കിലും പലരും പൊതുയോഗങ്ങളിൽ പ്രസംഗിച്ചും വെറുതെ പറഞ്ഞുനടന്നും അങ്ങനെയൊരു ധാരണ വരുത്തിത്തീർക്കുന്നുണ്ട്. മനുഷ്യസമൂഹത്തിനു മുഴുവൻ വിമോചന പ്രത്യയശാസ്ത്രമായിത്തീരേണ്ട കമ്യൂണിസ്റ്റ് പാർട്ടി, ഇന്ത്യയിൽ മൂന്ന് സംസ്ഥാനങ്ങളിൽ മാത്രമായി ഒതുങ്ങിപ്പോയതിന് ഇതും ഒരു കാരണമായി എനിക്ക് തോന്നാറുണ്ട്.

പാർലമെൻററി രാഷ്ട്രീയം, സ്വകാര്യ മൂലധനം, വിദേശ നിക്ഷേപം തുടങ്ങിയ വിഷയങ്ങളിലെല്ലാം പാർട്ടി കാലാകാലങ്ങളിൽ മാറ്റം വരുത്തിയിട്ടില്ലേ ? മതവിശ്വാസത്തിൻെറ കാര്യത്തിലും അണികൾക്കും നേതാക്കൾക്കുമിടയിൽ നിലനിൽക്കുന്ന ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് പാർട്ടി മുൻകൈയെടുക്കണം. പല ക്ഷേത്രകമ്മിറ്റികളുടെയും ഭാരവാഹികളായി പ്രവർത്തിക്കുന്ന നിരവധി കമ്യൂണിസ്റ്റുകാർ നാടിൻെറ പല ഭാഗങ്ങളിലുമുണ്ട്. ആരാധനാലയങ്ങൾ ഫാഷിസ്റ്റുകൾ കൈയടക്കുന്നത് തടയാൻ ഒരു പരിധിവരെ ഇതുകൊണ്ട് കഴിയും. പക്ഷേ, മതവിശ്വാസത്തിൻെറ കാര്യത്തിൽ മാത്രം എങ്ങും തൊടാതെയുള്ള അടവുനയം സ്വീകരിക്കുന്നതും വിശ്വാസം രഹസ്യമായി കൊണ്ടുനടക്കുന്നതും ഇന്ത്യൻ സാഹചര്യത്തിൽ കൂടുതൽ സങ്കീർണമായ ആശയക്കുഴപ്പങ്ങൾക്ക് കാരണമാവുമെന്നാണ് എനിക്ക് തോന്നുന്നത്. ഉംറക്കുപോയതുമായി ബന്ധപ്പെട്ട് എനിക്കുനേരെ ഉയർന്ന ആരോപണങ്ങളെത്തുടർന്നാണ് ഞാനെൻെറ വിശ്വാസം പരസ്യമായി പ്രഖ്യാപിക്കാൻ തയാറായത്. അല്ലാത്ത പക്ഷം ഞാൻ ചെയ്യുന്നത് കടുത്ത ആത്മവഞ്ചനയായിരിക്കുമെന്ന ബോധം എനിക്കുണ്ട്. വിശ്വാസിയാണെന്ന കാരണത്താൽ ഒരു യഥാർഥ കമ്യൂണിസ്റ്റുകാരനെന്ന നിലക്കുള്ള എൻെറ വ്യക്തിത്വത്തിന് കളങ്കമുണ്ടാവരുതെന്നുകരുതി മാത്രമല്ല ഞാനിത് പറയുന്നത്. മുമ്പ് മുസ്ലിം യാഥാസ്ഥിതികർ എന്നെ മുസ്ലിം നാമധാരിയെന്നു വിളിക്കുന്നതുപോലെ വെറും കമ്യൂണിസ്റ്റ് നാമധാരി മാത്രമായി ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാനിന്നും അടിയുറച്ച കമ്യൂണിസ്റ്റുകാരനാണ്– ദൈവവിശ്വാസിയായ കമ്യൂണിസ്റ്റുകാരൻ.

ഉപാധികളോടെ ഒരുപാട് ചോദ്യങ്ങൾ മനസ്സിലൊളിപ്പിച്ചുകൊണ്ടാണ് ഈ സൗഹൃദ സംഭാഷണം ഞങ്ങൾ അവസാനിപ്പിച്ചത്. മനസ്സിൽ തികട്ടിവന്ന ഒന്നുരണ്ട് ചോദ്യങ്ങൾ എന്നെ അസ്വസ്ഥനാക്കുന്നുണ്ടായിരുന്നു. മറുപടിയിലെ കലഹപ്പെരുക്കങ്ങൾ എന്തുമാവട്ടെയെന്നു കരുതി ചോദിച്ചു :

മുസ്ലിമായതുകൊണ്ട് പാർട്ടിയിൽനിന്ന് എന്തെങ്കിലും തരത്തിലുള്ള അവഗണന അനുഭവപ്പെട്ടിട്ടുണ്ടോ?

ഒരിക്കലുമില്ല. ന്യൂനപക്ഷ സമുദായാംഗം എന്ന നിലയിൽ പാർട്ടി എനിക്ക് എല്ലാ പിന്തുണയും തന്നിട്ടുണ്ട്. മുസ്ലിമായ ടി.കെ. ഹംസക്ക് പാർട്ടി കൽപിക്കുന്ന ഉയർന്ന പരിഗണന എല്ലാവർക്കും അറിയുന്നതല്ലേ.

കേരളത്തിലെ ബന്ദിനെക്കുറിച്ച് താങ്കൾ പറഞ്ഞ അഭിപ്രായങ്ങൾ പാർട്ടി എങ്ങനെയാണ് സ്വീകരിച്ചത്?

ബന്ദിനെയും ഹർത്താലിനെയും വിമർശിച്ചതുകൊണ്ട് പാർട്ടി എന്നെ ശാസിച്ചിട്ടുണ്ട്. ബന്ദും ഹർത്താലുമെല്ലാം ജനാധിപത്യ സംവിധാനത്തിലെ ഏറ്റവും വിലപിടിച്ച പ്രതിഷേധമാർഗങ്ങളാണ്. അതിനെ അസ്ഥാനത്ത് പ്രയോഗിക്കുന്നത് ഏറ്റവും മൂല്യവത്തായ സമരമാർഗമെന്ന നിലയിൽ ബന്ദിൻെറ വിലകെടുത്തും. ഈ അഭിപ്രായം എനിക്ക് ഇപ്പോഴുമുണ്ട്.